കെ.എസ്.എ-കെ.ടി.എം.പി13/814/2017 തീയതി : 06.06.2017

## കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ

## 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

**കോട്ടയം** ജില്ലയിലെ **എലിക്കുളം** ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **01.10.16** മുതൽ **30.04.17** തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 31.05.17ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.05.2017 – 30.05.17 |
| ഉദ്യോഗസ്ഥർ | ശ്രീ.സാബു സി.ജോർജ്ജ്, ഓഡിറ്റ് ഓഫീസർ (ഹഗ്രേ) |
| | ശ്രീമതി ഇന്ദുലേഖ എ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുധ ജേക്കബ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

### ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സുമംഗലാദേവി എം.പി. | 01.04.16-31.03.17 |
| സെക്രട്ടറി | ശ്രീമതി ഗീതമേരി മാമ്മൻ (സെക്രട്ടറി ഇൻ ചാർജ്ജ്) | 01.04.16-25.08.16 |
| | ശ്രീ.സിബി ജോസ് കെ. അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | 26.08.16-28.12.16 |
| | ശ്രീമതി ബിജി ജോസഫ് | 29.12.16-31.03.17 |

### നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സിബി ജോസ് കെ. | 01.04.16-31.03.17 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.മഹേഷ് പി.മോഹൻ | 01.04.16-31.03.17 |
| വെറ്ററിനറി സർജൻ | ഡോ.സ്മിത കൈമൾ | 01.04.16-31.03.17 |
| കൃഷി ഓഫീസർ | ശ്രീ.വേണുഗോപാൽ പി.ആർ. | 01.04.16-31.03.17 |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീ.ആകർഷ് ജി.കൃഷ്ണൻ | 01.04.16-31.03.17 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി ജാസ്മിൻ കെ. | 01.04.16-31.03.17 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.ജസ്സി എം.കട്ടപ്പുറം | 01.04.16-31.03.17 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.അഞ്ജലി വി. | 01.04.16-08.08.16 |
| | ഡോ.അനിൽകുമാർ എൻ.ആർ. | 09.08.16-31.03.17 |
| മെഡിക്കൽഓഫീസർ, ഹോമിയോ | ഡോ.സൗദ ഇ.എ. | 01.04.16-19.01.17 |
| | ഡോ.റോയി മാത്യു | 20.01.17-28.01.17 |
| | ഡോ.ബിന്ദു തെരേസ | 29.01.17-31.03.17 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജമിനി ജോൺ | 01.04.16-31.03.17 |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | **ഭാഗം 1 പൊതു അവലോകനം** |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | വാർഷിക പദ്ധതി അവലോകനം |
| 1-7 | തനതുവരുമാനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| 2-1 | വാർഷിക ധനകാര്യ പത്രികകളുടെ പരിശോധനയും സാമ്പത്തിക വിശകലനവും |
| 2-2 | രസീത് പരിശോധന--പണം പിൻവലിക്കലുകൾ 2014 ശമ്പളപരിഷ്കരണം--കുടിശ്ശിക ശമ്പളം പണമായി പിൻവലിച്ചത്--സർക്കാർ ഉത്തരവിന്റെ ലംഘനം |
| 2-3-1 | വസ്തുനികുതി--നിയമാനുസൃതമല്ലാത്ത ഇളവുകൾ നൽകുന്നത് |
| 2-3-2 | വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു--യുക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 2-3-3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി--ഭീമമായ കുടിശ്ശിക ശേഷിക്കുന്നു |
| 2-4-1 | സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-4-2 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-5 | ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗശൂന്യമായ പാഴ്വസ്തുക്കളുടേയും മോട്ടോറുകളുടേയും ലേലനടപടികൾ സ്വീകരിച്ചിട്ടില്ല |
| | **ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |

| | |
|---|---|
| 3-1 | മികച്ച മാതൃകകൾ |
| 3-2 | ശബരിമല തീർത്ഥാടനം സ്പെഷ്യൽ ഗ്രാന്റ് – നാളിതുവരെ വിനിയോഗിക്കാത്തത് സംബന്ധിച്ച് |
| 3-3 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ – നിക്ഷേപിച്ച തുകയ്ക്കുള്ള മരുന്ന് പൂർണ്ണമായി ലഭിച്ചില്ല |
| 3-4 | ഗ്രാമപഞ്ചായത്തിലെ ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല |
| 3-5 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ--അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിലെ കാലതാമസം |
| 3-6 | മുൻകൂർ നൽകിയത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല |
| 3-7 | പകൽവീടുകൾക്ക് ഫർണിച്ചർ--പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല |
| 3-8 | സ്ഥലം വാങ്ങലിനായി ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ സമ്പൂർണ്ണ പുനരധിവാസം ഉറപ്പ് വരുത്തിയിട്ടില്ല |
| 3-9 | കെട്ടിടനിർമ്മാണ പ്രോജക്ടുകൾ – നിർമ്മിതി കേന്ദ്രത്തിന് നിർമ്മാണ ചുമതല നൽകിയത് – തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച |
| 3-10 | ആശ്രയ പുനരധിവാസ പദ്ധതി--ബാങ്കിൽ പദ്ധതിതുക നിഷ്ക്രിയമായി അവശേഷിക്കുന്നത് |
| 3-11 | എം.ജി.എൻ.ആർ.ഇ.ജി.എസ് |
| | **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** |
| 4-1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് |


# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ഒറിജിനൽ ബജറ്റ് 22.2.16 തീയതിയിലെ 3-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 30.1.17ലെ 3-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |
| മുന്നിരിപ്പ് | 79,98,125 | 1,48,33,043 | 68,34,918 | | +85.45 |

| | | | | | |
|---|---|---|---|---|---|
| വരവ് | 8,70,86,154 | 3,94,88,685 | | 4,65,97,469 | -54.66 |
| ആകെ | 9,50,84,279 | 5,43,21,728 | | 4,07,62,551 | -42.87 |
| ചെലവ് | 8,71,20,820 | 3,56,90,880 | | 5,14,29,940 | -59.03 |
| നീക്കിയിരിപ്പ് | 79,63,459 | 1,86,30,848 | 1,06,67,389 | | +133.95 |

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യനിയന്ത്രണത്തിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനും ബജറ്റ് നിയമാനുസൃത മുന്നൊരുക്കങ്ങളും നടപടിക്രമങ്ങളും പാലിച്ച് വാസ്തവികമായ രീതിയിൽ തയ്യാറാക്കേണ്ടതുണ്ട്. (1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ്). എന്നാൽ ബജറ്റ് ഒട്ടുംതന്നെ വാസ്തവികമായ രീതിയിലല്ല തയ്യാറാക്കിയിരുന്നതെന്ന് ബജറ്റും യഥാർത്ഥ കണക്കും തമ്മിലുള്ള വലിയ അന്തരം വ്യക്തമാക്കുന്നു. ഈ വിഷയം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക പരിഗണനക്കും പഞ്ചായത്ത് കമ്മിറ്റിയുടെ പൊതുവായ പരിഗണനയ്ക്കുമായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

2016-17 ലെ വാർഷിക ധനകാര്യപത്രികകൾ 16.5.2017ൽ ഓൺലൈനായും അല്ലാതെയും ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റിനോടൊപ്പം വാർഷിക ധനകാര്യപത്രികയുടെ പരിശോധനയും നടത്തിയിട്ടുണ്ട് (ഖ.2-1 കാണുക)

## 1-4 സാമ്പത്തിക വിശകലനം

2016-17ലെ റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ളത്

| | |
|---|---|
| മുന്നിരിപ്പ് | 1,48,33,043 |
| വരവ് | 3,94,88,685 |
| ആകെ | 5,43,21,728 |
| ചെലവ് | 3,56,90,880 |
| നീക്കിയിരിപ്പ് | 1,86,30,848 |

(കൂടുതൽ വിശകലനം ഖ.2-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ്/ബജറ്റ് അലോക്കേഷൻ | ആകെ | ചെലവ് | നീക്കിയിരിപ്പ്/ വർഷാവസാനം സറണ്ടർ ചെയ്തത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,04,01,847 | 1,04,01,847 | 78,50,422 | 25,51,425 | 75.47 |
| വികസനഫണ്ട് എസ്.സി.പി. | 0 | 26,27,538 | 26,27,538 | 17,71,600 | 8,55,938 | 67.42 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 82,923 | 82,923 | 30,000 | 52,923 | 36.18 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 50,80,878 | 50,80,878 | 6,72,965 | 44,07,913 | 13.25 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 28,27,848 | 28,27,848 | 17,01,936 | 11,25,912 | 60.18 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 58,33,096 | 58,33,096 | 38,43,528 | 19,89,568 | 65.89 |
| പെർഫോമൻസ് ഗ്രാന്റ്(സെൻട്രൽ) | 222768 | 22,51,977 | 24,74,745 | 11,87,879 | 12,86,866 | 48 |
| പെർഫോമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | 0 | 8,02,909 | 8,02,909 | 7,81,534 | 21,375 | 97.34 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 0 | 5,06,975 | 5,06,975 | 5,06,528 | 447 | 99.91 |
| ബി ഫണ്ട് | 0 | 3,08,880 | 3,08,880 | 3,08,880 | 0 | 100 |

(കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുമുള്ള അലോട്ട്മെൻറിൽ നിന്നും യഥാർത്ഥത്തിൽ പിൻവലിച്ച തുക മാത്രമാണ് ധനകാര്യപത്രികയുടെ ഭാഗമായ വരവുചെലവ് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഫണ്ടിൻറെ വിനിയോഗ ശതമാനം നിരീക്ഷിക്കുന്നതിനായി വികസനഫണ്ട്, മെയിൻറനൻസ് ഗ്രാൻറ് മുതലായ ഇനങ്ങളുടെ ബജറ്റ് അലോക്കേഷൻ, വർഷാവസാനം സറണ്ടർ ചെയ്ത തുക തുടങ്ങിയവയാണ് ബന്ധപ്പെട്ട കോളത്തിൽ ചേർത്തിട്ടുള്ളത്.)

## 1-6 വാർഷിക പദ്ധതി അവലോകനം

എലിക്കുളം ഗ്രാമപഞ്ചായത്തിൻറെ 2016-17 വാർഷിക പദ്ധതിയിലെ ഫണ്ട് തിരിച്ചുള്ള വകയിരുത്തൽ/ വിനിയോഗ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തൽ(രൂ) | വിനിയോഗം(രൂ) |
|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം-സാധാരണ വിഹിതം | 1,04,61,847 | 78,50,422 |
| പ്രത്യേക ഘടക പദ്ധതി | 31,97,538 | 17,71,600 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 82,923 | 30,000 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 61,98,734 | 38,43,528 |
| ലോക ബാങ്ക് ധനസഹായം | 32,77,654 | 19,69,413 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 46,49,925 | 12,18,087 |
| തനത് ഫണ്ട് | 87,89,910 | 35,32,500 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 4,36,575 | 2,02,500 |
| ആസ്തി സംരക്ഷണ ഗ്രാൻറ്-റോഡ് | 50,80,878 | 6,72,965 |
| ആസ്തി സംരക്ഷണ ഗ്രാൻറ്-റോഡിതരം | 48,11,055 | 17,01,936 |
| മറ്റുള്ളവ | 20,92,540 | 8,30,236 |
| ആകെ | **4,90,79,579** | **2,36,23,187** |

(അവലംബം-സുലേഖ സോഫ്റ്റ്‌വെയറിലൂടെ ജനറേറ്റ് ചെയ്ത പദ്ധതിച്ചെലവ്കണക്കുകൾ)

ആകെ പദ്ധതി അടങ്കലിൻറെ 48.13% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. പദ്ധതി അടങ്കലിൻറെ വിഭവ സമാഹരണത്തിൽ ഉൾപ്പെടുത്തിയിരുന്ന തനത് ഫണ്ട്, മറ്റുള്ളവ എന്നീ ഇനങ്ങളിൽ പ്രതീക്ഷിച്ച തുക കണ്ടെത്താൻ കഴിയാത്തത് മൂലമാണ് വിനിയോഗശതമാനം കുറഞ്ഞത്. പദ്ധതി അടങ്കലിൽ ഉൾപ്പെട്ട ഫണ്ടിനങ്ങൾ യാഥാർത്ഥ്യബോധത്തോടുകൂടി വകയിരുത്താൻ ശ്രദ്ധിക്കാവുന്നതാണ്. ഓരോയിനം ഫണ്ടിൻറേയും അലോക്കേഷൻ, വരവ്, വിനിയോഗ വിവരങ്ങൾ ഖ.1-5ൽ ഉൾപ്പെടുത്തിയിട്ടുള്ളത് കൂടി കാണുക. 2016-17 ലെ പദ്ധതി രൂപീകരണ/നിർവ്വഹണ/വിനിയോഗ വിശദാംശങ്ങൾ ഓഡിറ്റിൽ വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകളും നേട്ടങ്ങളും ചുവടെ ചേർക്കുന്നു.

### പദ്ധതി രൂപീകരണ പ്രക്രിയ ഫലപ്രദമായിരുന്നില്ല-പദ്ധതി അംഗീകാരം വാങ്ങുന്നതിൽ കാലതാമസം.

വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് സജീവമായി പ്രവർത്തിക്കേണ്ട പ്രവർത്തന കമ്മറ്റികൾ തീർത്തും നിർജ്ജീവവും ദുർബ്ബലവുമായാണ് പ്രവർത്തിച്ച് വരുന്നതെന്ന് ഇവയുടെ മിനിറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ഉദാഹരണമായി വിദ്യാഭ്യാസം/കല/സംസ്കാരം എന്നീ വിഷയവുമായി ബന്ധപ്പെട്ട പ്രവർത്തനകമ്മറ്റിയുടെ 28.02.17 ലെ യോഗത്തിൻറെ മിനിറ്റ്സിൽ ഒരാളുടെ കൈയ്യൊപ്പ് മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ തീയതിയിൽ നടന്ന കുടിവെള്ളം/ശുചിത്വം എന്ന വിഷയവുമായി ബന്ധപ്പെട്ട പ്രവർത്തന കമ്മറ്റിയുടെ മിനിറ്റ്സ് ബുക്കിൽ 3 പേരുടെ കയ്യൊപ്പ് അല്ലാതെ മറ്റ് യാതൊരു രേഖപ്പെടുത്തലും കാണുന്നില്ല. എല്ലാ പ്രവർത്തന കമ്മറ്റികളുടേയും അവസ്ഥ സമാനമാണ്. പതിവ് രീതിയിലുള്ള കുറെ പ്രോജക്ട് നിർദ്ദേശങ്ങൾ രേഖപ്പെടുത്തുന്നുവെന്നല്ലാതെ പദ്ധതി രൂപീകരണ പ്രക്രിയയിൽ പ്രവർത്തന കമ്മറ്റികൾ ഫലപ്രദമായി ഇടപെടുന്നില്ല. ഈ അവസ്ഥ പരിഹരിക്കേണ്ടതാണ്.

പ്രവർത്തനക്കമ്മറ്റികൾ നിർദ്ദേശിക്കുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് കരട് പദ്ധതി രൂപീകരിക്കുന്നതിനായി 21.07.16 ൽ ചേർന്ന വികസനസെമിനാറിൽ 237 പേർ പങ്കെടുത്ത് 12 ഗ്രൂപ്പുകളായി ചർച്ച നടത്തിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആകെ 21 പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് ഉയർന്ന് വന്നത്.

നിയമപരമായി രൂപീകരിക്കപ്പെട്ടതും പദ്ധതി രൂപീകരണ/നിർവ്വഹണ പ്രക്രിയയിൽ സജീവമായി ഇടപെടേണ്ടതുമായ വിവിധ സമിതികൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ ഗ്രാമസഭകളുടെ സംഘാടനവും ശക്തിപ്പെടുത്തി സോഷ്യൽ ഓഡിറ്റിങ്ങ് പോലുള്ള പ്രക്രിയകളുടെ പ്രാധാന്യം സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചത് 3.9.2016 ൽ മാത്രമാണ്. ഫണ്ട് വകയിരുത്തലിലും മറ്റും മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലനം ഉണ്ടായതിനാൽ തുടർന്ന് നിരവധി തവണ പ്രോജക്ടുകളിൽ ഭേദഗതി ആവശ്യമായി വന്നിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ പോലും പ്രോജക്ട് ഭേദഗതി ആവശ്യമായി വന്നിട്ടുണ്ട്.(ഉദാഹരണമായി 20.3.2017 ലെ 1(5)-ാം നമ്പർ തീരുമാനപ്രകാരം 10 പ്രോജക്ടുകളുടെ തുക വകയിരുത്തലിലുള്ള വാലിഡേഷൻ ക്രമീകരിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ വാർഷിക പദ്ധതിക്ക് അംഗീകാരം തേടുന്നതിനും അനിവാര്യമായ സാഹചര്യങ്ങളിലൊഴികെ ഭേദഗതികൾ ഒഴിവാക്കുന്നതിനും ശ്രദ്ധിക്കാവുന്നതാണ്.

**സാമ്പത്തിക ലക്ഷ്യം കൈവരിച്ചതും എന്നാൽ ഭൗതികനേട്ടം കൈവരിക്കാത്തതുമായ നിരവധി പ്രോജക്ടുകൾ.**

വാർഷിക പദ്ധതി അടങ്കലിന്റെ വിനിയോഗ ശതമാനം ഉയർത്തിക്കാട്ടുക എന്ന സാമ്പത്തിക ലക്ഷ്യം കൈവരിക്കുന്നതിനായി നിർമ്മിതി കേന്ദ്രത്തിലേയ്ക്കും മറ്റും വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിക്കേണ്ട സൈറ്റ് പോലും നാളിതുവരെ കൈമാറിയിട്ടില്ല. ആശ്രയ പദ്ധതിക്കുള്ള വിഹിതം നൽകൽ, എസ്.എസ്.എ പദ്ധതിക്കുള്ള വിഹിതം നൽകൽ, ഐ.എ.വൈ വിഹിതം നൽകൽ, കന്നുകുട്ടി പരിപാലന പദ്ധതിക്കുള്ള വിഹിതം നൽകൽ, സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിൻ നൽകുന്നതിനുള്ള ഷീ പാഡ് പദ്ധതി തുടങ്ങിയവയ്ക്കായി തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ അനുവദിച്ച സ്പെഷ്യൽ ഗ്രാന്റ് നാളിതുവരെ വിനിയോഗിക്കുന്നതിനും സാധിച്ചിട്ടില്ല.

**കാർഷിക മേഖലയിൽ ഏറ്റെടുത്ത പ്രോജക്ടുകളും പശ്ചാത്തല മേഖലാ പ്രോജക്ടുകളും പ്രയോജനകരമായി.**

കാർഷിക മേഖലയിൽ ഏറ്റെടുത്ത സമ്പൂർണ്ണ ജൈവ ഗ്രാമം, പടുതാക്കുളം നിർമ്മാണം തുടങ്ങിയ പ്രോജക്ടുകൾ, മരുന്ന് വാങ്ങൽ പ്രോജക്ടുകൾ, പശ്ചാത്തല മേഖലയിൽ ഏറ്റെടുത്ത അങ്കണവാടികളുടേയും റോഡുകളുടേയും നവീകരണം, സാന്ത്വന പരിചരണ പദ്ധതി തുടങ്ങിയവ വിജയകരമായും പൊതുജനങ്ങൾക്ക് പ്രയോജനകരമായും നടപ്പിലാക്കിയിട്ടുള്ളതായി ഓഡിറ്റിൽ നടത്തിയ സ്ഥല പരിശോധനയിലും വിലയിരുത്തലിലും വ്യക്തമായിട്ടുണ്ട്.

**പ്രോജക്ട് ഫയലുകൾ-രേഖകൾ സൂക്ഷിക്കുന്നതിലെ ന്യൂനതകൾ**

പ്രോജക്ട് ഫയലുകളിൽ നിർദ്ദിഷ്ട മാതൃകയിലുള്ള പ്രോജക്ട് പൂർത്തീകരണ പത്രം, മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ പ്രോജക്ടുകൾ നിർവ്വഹിച്ചതിലെ നേട്ടകോട്ടങ്ങൾ രേഖാപരമായി വിലയിരുത്താൻ സാധിച്ചിട്ടില്ല. ഗുണഭോക്തൃ സമിതി മുഖേന ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ഗുണഭോക്തൃ സമിതി ഹാജരാക്കേണ്ടതായ കണക്കുകളും കാഷ് ബില്ലുകളും മറ്റും ആധികാരികമായ വിധം സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃ സമിതിയുടേതായി ലഭ്യമാക്കിയിട്ടുള്ള കണക്കുകൾ ക്രോഡീകരിച്ചതിലും മറ്റുമുള്ള രീതികളിൽ സമാനതകൾ കാണുന്നതിനാൽ ബിനാമി ഇടപാട് നടന്നതിനുള്ള സാധ്യതകൾ അന്വേഷണ വിധേയമാക്കേണ്ടതുണ്ട്. ഗുണഭോക്തൃ സമിതിയുടെ പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിനായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (ജോയിന്റ് അക്കൗണ്ട്)അവസാന ബിൽതുക നിക്ഷേപിക്കുകയും പിൻവലിക്കുകയും എന്ന ഇടപാട് മാത്രമാണ് നടത്തിയിട്ടുള്ളത്.

## 1-7 തനത് വരുമാനം

2015-16 വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ ഉണ്ടായ വർദ്ധനവ്/കുറവ് കൃത്യമായി വിശകലനം ചെയ്യാനാവും വിധമുള്ള രേഖകൾ/കണക്കുകൾ ലഭ്യമായില്ല. ലഭ്യമാക്കിയ കണക്കുകൾ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 33,82,232 | 44,59,922 | 10,77,690 | 31.86 |
| നികുതിയേതര വരവുകൾ | 5,19,306 | 8,51,823 | 3,32,517 | 64./3 |
| മറ്റുവരവുകൾ | 71,05,485 | 78,14,232 | 7,08,747 | 9.97 |
| ആകെ | 1,10,07,023 | 1,31,25,977 | 21,18,954 | 19.25 (കൂടുതൽ) |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| തൊഴിൽരഹിത വേതനം | 53,880 | 38 | തൊഴിൽരഹിത വേതനം, വിവാഹധനസഹായം എന്നീ ഇനങ്ങൾ ഒഴികെയുള്ളവ DBT സെൽ മുഖാന്തിരം നേരിട്ട് നടത്തിയതാണ് |
| കർഷകതൊഴിലാളി പെൻഷൻ | 14,46,670 | 180 | |
| വിധവാപെൻഷൻ | 63,76,770 | 602 | |
| വാർദ്ധക്യകാലപെൻഷൻ | 1,62,15,765 | 1868 | |
| വികലാംഗപെൻഷൻ | 20,18,640 | 251 | |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,32,810 | 37 | |
| വിവാഹധനസഹായം | 2,30,000 | 8 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.05.2017 തീയതിയിലെ 03.15 P.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,053 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. വസ്തുനികുതി, തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകളും ശരിയായി തയ്യാറാക്കിയിട്ടുണ്ട്. വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി (മാപ്പിംഗ്)പൂർത്തിയായിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ആവർത്തനചെലവുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഏറ്റവും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ ഫർണിച്ചറുകൾക്ക് സ്റ്റോക്ക് നമ്പർ നൽകി ആയത് ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. പകൽവീടുകളിലേയ്ക്കും മറ്റും വാങ്ങി നൽകിയിട്ടുള്ള ഫർണിച്ചറുകളും നമ്പർ/മുദ്ര എന്നിവ കൂടാതെയാണ് കൈമാറിയിട്ടുള്ളത്.

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനത് വരുമാനമായ വസ്തുനികുതി പിരിവ് തൃപ്തികരമല്ല. വാർഷികകണക്കുകളിലെ ബി15 ഷെഡ്യൂൾ പ്രകാരം 16-17 വർഷം വസ്തു നികുതിയിനത്തിൽ 37.25 ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്തിൽ ഐ.കെ.എം. വിന്യസിച്ച താഴെപറയുന്ന സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്.

| സോഫ്റ്റ്‌വെയർ | ഉപയോഗപ്പെടുത്തുന്ന ആവശ്യം |
|---|---|
| സേവന-സിവിൽ രജിസ്ട്രേഷൻ | ജനന/മരണ/വിവാഹ രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റ് വിതരണം |
| സേവന-പെൻഷൻ | സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ അപേക്ഷ കൈകാര്യം ചെയ്യൽ, പെൻഷൻ വിതരണം, പെൻഷൻ കണക്കുകളുടെ അക്കൗണ്ടിങ് |
| സുലേഖ | പദ്ധതി രൂപീകരണം/പദ്ധതി കണക്കുകളുടെ വിവിധ റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യൽ |
| സാംഖ്യ | അക്കൗണ്ടിംഗ് |
| സഞ്ചയ | വസ്തുനികുതി/ലൈസൻസ് |
| സചിത്ര | ആസ്തികളുടെ ഡിജിറ്റലൈസേഷൻ |
| സൂചിക | ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് ഫയലുകളുടെ നീക്കം |
| | |

| | |
|---|---|
| സ്ഥാപന | ജീവനക്കാരുടെ വിവരങ്ങൾ – ശമ്പളബില്ലുകൾ തയ്യാറാക്കൽ |
| സകർമ്മ | പഞ്ചായത്ത് മീറ്റിംഗ്, അജണ്ട, മിനിറ്റ്സ് |

താഴെപറയുന്ന ഹാർഡ്‌വെയറുകൾ പഞ്ചായത്തിൽ ലഭ്യമാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| സെർവ്വർ കമ്പ്യൂട്ടർ | 07 |
| ക്ലയന്റ് കമ്പ്യൂട്ടർ (Desktop) – (നിർവ്വഹണ ഉദ്യോഗസ്ഥരുടേത് ഉൾപ്പെടെ) | 22 |
| ലാപ്ടോപ്പ് | 02 |
| പ്രിന്റർ (നിർവ്വഹണ ഉദ്യോഗസ്ഥരുടേത് ഉൾപ്പെടെ) | 11 |
| ഫോട്ടോസ്റ്റാറ്റ് മെഷീൻ | 01 |
| സ്കാനർ | 02 |
| യു.പി.എസ്. (നിർവ്വഹണ ഉദ്യോഗസ്ഥരുടേത് ഉൾപ്പെടെ) | 06 |

സോഫ്റ്റ്‌വെയറുകളിൽ സൂചിക, സകർമ്മ എന്നിവ ഒഴികെയുള്ളവ ഏകദേശം പൂർണ്ണമായ രീതിയിൽ ഉപയോഗിക്കുന്നുണ്ട്. എന്നാൽ സൂചിക, സകർമ്മ എന്നിവ പൂർണ്ണമായ രീതിയിൽ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. ഹാർഡ്‌വെയറുകളിൽ പ്രവർത്തനക്ഷമമല്ലാത്തവയുടെ വിവരം പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ല. ലാപ്ടോപ്പുകളുടെ സുരക്ഷിതമായ ഉപയോഗം സംബന്ധിച്ച് രേഖാമൂലം എഴുതി വാങ്ങാതെയാണ് (undertaking) ആയവ ബന്ധപ്പെട്ടവർക്ക് കൈമാറിയിട്ടുള്ളത്.

### 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ്അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.04.17 | 02/17മുതൽ 03/17വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.04.16 | 2012-13 മുതൽ 2015-16 വരെ | LBA(HQ)11/8-A-2459/112 Dt.5.7.16 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷികധനകാര്യ പത്രികകളുടെ പരിശോധനയും സാമ്പത്തിക വിശകലനവും

ഓഡിറ്റിനായി സമർപ്പിച്ച എലിക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാരംഭ മുൻബാക്കി 1,48,33,043/- രൂപയും തൻവർഷ വരവ് 3,94,88,685/-രൂപയും തൻവർഷത്തെ ചെലവ് 3,56,90,880/-രൂപയും വർഷാവസാന ബാക്കി 1,86,30,848/-രൂപയുമാണ്.(ഇതിൽ 27,770/-രൂപ പണമായുള്ള നീക്കിയിരിപ്പും 1,86,03,078/-രൂപ വിവിധ അക്കൗണ്ടുകളിലെ നീക്കിയിരുപ്പുമാണ്.) തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പ്രകാരമുള്ള വരുമാനം 6,78,04,164/-രൂപയും തൻവർഷചെലവ് 6,65,11,343/-രൂപയും പ്രവർത്തനമിച്ചം(Surplus) 32,02,935/-രൂപയുമാണ്. 31.3.2017 പ്രകാരമുള്ള ബാലൻസ് ഷീറ്റ് പ്രതിഫലിപ്പിക്കുന്ന ആസ്തി മൂല്യം 4,19,22,335/-രൂപയും പഞ്ചായത്ത് ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 2,57,23,094/-രൂപയും അന്നേ തീയതി പ്രകാരമുള്ള ജനറൽ ഫണ്ട് പൊസിഷൻ 1,61,99,241/- രൂപയുമാണ്.

മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ റിസൽറ്റുകൾ പ്രതിഫലിപ്പിക്കുന്ന 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ ഓഡിറ്റിൽ പരിശോധനാവിധേയമാക്കിയതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1- 26.4.17 ലെ പഞ്ചായത്ത് കമ്മറ്റി 4-ാം നമ്പർ തീരുമാനപ്രകാരം വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടുണ്ടെങ്കിലും മുൻവർഷ കണക്കുകളുമായി താരതമ്യം ചെയ്യുകയോ ധനകാര്യവിശകലനം നടത്തുകയോ ചെയ്തിട്ടില്ല.

2-വാർഷിക ധനകാര്യപത്രികയിന്മേലുള്ള കുറിപ്പുകളിലൂടെ അക്കൗണ്ടിംഗിന് അടിസ്ഥാനമാക്കിയ അക്കൗണ്ടിംഗ് തത്വങ്ങളും രീതികളും വിശദീകരിക്കുകയോ സ്ഥിരീകരിക്കാത്ത സ്റേറ്റ്മെന്റുകളുടേയും തുകകളുടേയും വിവരം വെളിപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3-മുൻവർഷം ക്രമീകരിക്കാത്ത പല തുകകളും തൻവർഷം മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ എന്ന രീതിയിൽ (Prior Period Items)

ക്രമീകരിച്ചിട്ടുള്ളതിനാൽ 19,10,114/-രൂപയുടെ കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ട്.ഇതിൽ 18,72,279/-രൂപയും വസ്തുനികുതി ഇനത്തിൽ കൂടുതലായി കണക്കാക്കിയ ഡിമാൻറ് തുകയ്ക്ക് വർഷാരംഭത്തിൽ അക്രൂവൽ എൻട്രി നൽകിയത് മൂലമുള്ള മാറ്റമാണ്. ഇപ്രകാരമുള്ള ക്രമീകരണങ്ങൾ മൂലം തൻവർഷത്തെ വരുമാനമിച്ചം 12,92,821/- രൂ എന്ന് കണക്കാക്കിയിരുന്നത് 32,02,935/- രൂ ആയി വർദ്ധിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങളുടെ നിജസ്ഥിതി ഓഡിറ്റിൽ ബോധ്യമായിട്ടില്ല.

4-ഇ.എഫ്.എം.എസ്, ഡയറക്ട് ബനഫിറ്റ് ട്രാൻസ്ഫർ തുടങ്ങിയ ആധുനീക സംവിധാനങ്ങളിലൂടെ നടക്കുന്ന സാമ്പത്തിക വിനിമയങ്ങൾ ഇൻകം ആൻറ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ മാത്രം ഉൾപ്പെടുത്തുകയും റസീറ്റ്സ് ആൻറ് പേയ്മെൻറ് സ്റ്റേറ്റ്മെൻറിൽ ഉൾപ്പെടാതെ വരുകയും ചെയ്യുന്നതിനാൽ പ്രസ്തുത 2 പത്രികകളിൽ അക്രൂവൽ എൻട്രി മൂലം ഉണ്ടാകാവുന്നതിൽ അധികമായ വ്യതിയാനം ഉണ്ടാകുന്നുണ്ട്.(പഞ്ചായത്ത് തലത്തിൽ പരിഹരിക്കാവുന്ന വിഷയമല്ലയെങ്കിലും)

ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഇ.എഫ്.എം.എസ് സംവിധാനത്തിലൂടെ വിനിമയം ചെയ്യപ്പെട്ട തുകയായി കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് 1,24,80,741/-രൂപയാണെങ്കിലും ഇതിനായുള്ള കാഷ് ബുക്ക് പ്രകാരം വരവ് 1,25,18,984/-രൂപയാണ്. (പലിശ ഇനത്തിലുള്ള 704/- രൂപയ്ക്ക് പുറമെ.)വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

5- ആസ്തി ബാധ്യതകളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല.ആയതിനാൽ കണക്കാക്കപ്പെട്ട ജനറൽഫണ്ട് പൊസിഷൻ അന്തിമമല്ല.

## 2-2 രസീതു പരിശോധന-പണം പിൻവലിക്കലുകൾ 2014 ശമ്പളപരിഷ്ക്കരണം- കുടിശ്ശിക ശമ്പളം പണമായി പിൻവലിച്ചത്-സർക്കാർ ഉത്തരവിന്റെ ലംഘനം

രസീതു പരിശോധനയുടെ ഭാഗമായി 30.4.17 വരെയുള്ള പണം ഒടുക്ക്, പിൻവലിക്കലുകൾ പരിശോധിച്ചതിൽ ചെക്ക് നം 031157/7.4.17 പ്രകാരം 2014 ശമ്പളപരിഷ്ക്കരണ കുടിശ്ശികയുടെ 1-ാം ഗഡു പണമായി പിൻവലിച്ച് വിതരണം ചെയ്തതായി കണ്ടെത്തി(ചെക്ക് നം.31157/7.4.17 തുക 254616). പ്രസ്തുത നടപടി ശമ്പളപരിഷ്ക്കരണകുടിശ്ശികയുടെ വിതരണം സംബന്ധിച്ച് സർക്കാർ ഏറ്റവും അവസാനമായി പുറപ്പെടുവിച്ച ഉത്തരവിന്റെ ലംഘനമാണ്. ആയതിനാൽ തുക പണമായി കൈപ്പറ്റിയ ജീവനക്കാരിൽ നിന്നും ആയത് തിരികെ ഈടാക്കി സർക്കാർ ഉത്തരവിനു വിധേയമായി അതാത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേയ്ക്ക് അർഹമായ പലിശ സഹിതം ക്രഡിറ്റ് ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധമായി നൽകിയ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കുടിശ്ശിക തുക പി.എഫ്.അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യണമെന്നുള്ള ഉത്തരവിന് മുമ്പായി തുക പണമായി വിതരണം ചെയ്തിരുന്നതിനാലും തുക പഞ്ചായത്ത് ഫണ്ടിൽ നിന്ന് വിതരണം ചെയ്തതാകയാലും നടപടി സാധൂകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. സർക്കാർ സാധൂകരണം ലഭിക്കാത്ത പക്ഷം മേൽ ഓഡിറ്റ് നിർദ്ദേശാനുസരണമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3-1 വസ്തുനികുതി-നിയമാനുസൃതമല്ലാത്ത ഇളവുകൾ നൽകുന്നത്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കി വച്ചിട്ടുള്ളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്ന് വാടകയീടാക്കി സേവനം വിട്ടുനൽകുന്ന ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങൾ, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ എന്നിവയെ നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. എന്നാൽ ക്ലബ്ബുകൾ ഉൾപ്പെടെയുള്ള നിരവധി കെട്ടിടങ്ങൾ നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിടത്തിന്റെ പേര് |
|---|---|---|
| 1 | 3/304 | പ്രസിഡന്റ്, എസ്.എൻ.ഡി.പി യോഗം ബ്രാഞ്ച് നം.4035 |
| 2 | 8/325 | പ്രസിഡന്റ്, ഹൈന്ദവ ഭജനയോഗം ഓഫീസ് |
| 3 | 1/343 | പ്രസിഡന്റ്, എൻ.എസ്.എസ് കരയോഗം നം.619 |
| 4 | 4/155 | പാരിഷ്ഹാൾ, ഇൻഫന്റ് ജീസസ് ചർച്ച് |
| 5 | 4/156 | വിശ്വാസ പരിശീലനകേന്ദ്രം, ഇൻഫന്റ് ജീസസ് ചർച്ച് |
| 6 | 8/164 | എസ്.എൻ.ഡി.പി യോഗം ബ്രാഞ്ച് നം.220 |
| 7 | 4/169 | മദർ സുപ്പീരിയർ, സെക്യുലർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫന്റ് ജീസസ് |

നിയമാനുസൃതമല്ലാത്ത ഇളവ് അംഗീകരിക്കുന്നില്ല. മേൽ പറഞ്ഞിരിയ്ക്കുന്നതിന് സമാനമായ കെട്ടിടങ്ങളുൾപ്പെടെയുള്ളവയുടെ ഇനവും ഉപയോഗക്രമവും പരിശോധിച്ച് നികുതി ചുമത്തപ്പെടേണ്ടതാണോയെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 2-3-2 വാണിജ്യാവശ്യത്തിനുപയോഗിയ്ക്കുന്ന ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു- യുക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4- ചട്ടം 1- ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വ്യത്യസ്ത നമ്പരുകൾ നൽകുന്നുണ്ടെങ്കിലും ഉചിതമായ കാരണങ്ങൾ രേഖപ്പെടുത്തി മാത്രമെ ഓരോ ഭാഗത്തിന്റെ അളവിന്റെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട രീതിയിൽ വസ്തുനികുതി നിർണ്ണയിക്കാനാവൂ. എന്നാൽ പഞ്ചായത്തിൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒരേ സമയം നികുതി നിർണ്ണയിച്ചതും വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്നതുമായ 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി 100 ച.മീറ്ററിൽ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 30/- രൂപയാണ് ചുമത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിട നം | വിസ്തീർണ്ണം (ച.മീ) | നിർണയിച്ച നികുതി ച.മീന് 30- നിരക്കിൽ (ബാധകമായ വർദ്ധനവ്/ ഇളവുകൾ ഉൾപ്പെടെ) | അഭിപ്രായം |
|---|---|---|---|---|---|
| 1 | മോഹൻകുമാർ പി.ജി., പുതുപ്പള്ളാട്ട്, കൂരാലി പി.ഒ. | 13/5A | 24.8 | 819+41 | യുക്തമായ കാരണങ്ങൾ ഇല്ലാത്തപക്ഷം ആകെ 122.45 ച.മീറ്ററിന് 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 50- നിരക്കിൽ നികുതി ചുമത്തേണ്ടതാണ്. |
| 2 | | 13/5B | 50.41 | 1664+84 | |
| 3 | | 13/5C | 21.24 | 833+42 | |
| 4 | | 13/5D | 26 | 858+43 | |
| 5 | എൽസമ്മ ബൈജു, അതിയാലിൽ, കൊപ്രാക്കളം, നരിയനാനി പി.ഒ. | 10/427A | 25.9 | 933+47 | യുക്തമായ കാരണങ്ങൾ ഇല്ലാത്തപക്ഷം ആകെ 125.44 ച.മീറ്ററിന് 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 50- നിരക്കിൽ നികുതി ചുമത്തേണ്ടതാണ്. |
| 6 | | 10/427B | 25.9 | 933+47 | |
| 7 | | 10/427C | 21.84 | 787+4/ | |
| 8 | | 10/427D | 25.9 | 887+45 | |
| 9 | | 10/427E | 25.9 | 887+45 | |

## 2-3-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി -ഭീമമായ കുടിശ്ശിക ശേഷിയ്ക്കുന്നു

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.10.11 ലെ സ.ഉ.നം.19/2011/തസ്വഭവ വിജ്ഞാപനം അനുസരിച്ച് ഗ്രാമപഞ്ചായത്തിലെ മൊബൈൽടവറുകളുടെ വസ്തുനികുതി 1.4.11 പ്രാബല്ല്യതീയതി മുതൽ ച.മീ ന് 500- നിരക്കിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള 8 ടവറുകളിൽ ഒരെണ്ണമൊഴികെയുള്ളവയുടെ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറിന്റെ പേര് | കുടിശ്ശിക വർഷം | കുടിശ്ശിക തുക പലിശയുൾപ്പെടെ(R.R.നോട്ടീസ് പ്രകാരം) | വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച നികുതി |
|---|---|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് ലി. 5ാം നില, വങ്കാരത്ത് ടവേഴ്സ്, 2-ാം മൈൽ | 11-12- 16-17 | 1,94,638 | 62.47 | 37482+1875 |
| 2 | ഇൻഡസ് ടവേഴ്സ് ലി., വെളിയന്നൂർ | 13-14- 16-17 | 89,473 | 54.45 | 21780+1089 |
| 3 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലി. വെളിയന്നൂർ | 13-14- 16-17 | 1,69,978 | 73.25 | 43950+2198 |
| 4 | ഇൻഡസ് ടവേഴ്സ് ലി, കാരക്കുളം | 10-11- 16-17 | 94,456 | 43.25 | 17300+865 |

| | | | | | |
|---|---|---|---|---|---|
| 5 | ഭാരതീ ഇൻഫ്രാടെൽ ലി., കാരക്കുളം | 13-14- 16-17 | 2,24,028 | 73 | 44100+2205 |
| 6 | ഭാരതീ ഇൻഫ്രാടെൽ ലി., മല്ലികശ്ശേരി | 11-12- 16-17 | 1,18,526 | 50 | 22500+1125 |
| 7 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് ലി. ഉരുളിക്കുന്നം | 11-12- 16-17 | 2,38,623 | 102.52 | 46134+2307 |
| | ആകെ | | **11,29,722** | | |

കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4-1 സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല

ചുവടെ കൊടുത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 16-17 വർഷം വാർഷിക ടേണോവറിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്.

1. മാവേലി സ്റ്റോർ, കൂരാലി

2. ജ്യോതി പബ്ലിക്ക് സ്ക്കൂൾ, പൈക

## 2-4-2 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ചുവടെ കൊടുത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 16-17 വർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | പൈക ക്ഷീരോത്പാദക സഹകരണസംഘം ക്ലിപ്തം നം.കെ.199(ഡി)ആപ്കോസ് |
| 2 | പനമറ്റം ക്ഷീരോത്പാദക സഹകരണസംഘം ക്ലിപ്തം നം.കെ.224(ഡി)ആപ്കോസ് |
| 3 | ഇളങ്ങുളം നോർത്ത് ക്ഷീരോത്പാദക സഹകരണസംഘം ക്ലിപ്തം നം.കെ.192(ഡി)ആപ്കോസ് |

## 2-5 ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗ ശൂന്യമായ പാഴ്വസ്തുക്കളുടേയും മോട്ടോറുകളുടേയും ലേല നടപടികൾ സ്വീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ ഉപയോഗശൂന്യമായ ഒട്ടേറെ പാഴ്വസ്തുക്കളും(വാട്ടർ ഫിൽറ്റർ, പഴയ ഇലക്ട്രിക്ക് വയർ, മറ്റ് ഉപകരണങ്ങൾ ഉൾപ്പടെ)ഒന്നിലേറ മോട്ടോറുകളും മറ്റും സൂക്ഷിച്ചിട്ടുള്ളതായി കാണപ്പെട്ടു. പഴയ ഓഫീസ് മന്ദിരം പൊളിച്ച് നീക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നതിനാൽ ഇവയുടെ സൂക്ഷിപ്പ് സുരക്ഷിതമല്ലാത്തതിനാൽ മോട്ടോറുകളുടേയും മറ്റും പ്രവർത്തന ക്ഷമത പരിശോധിച്ച് മഹസർ റിപ്പോർട്ട് തയ്യാറാക്കേണ്ടതും എത്രയും വേഗം അടിസ്ഥാന വില നിശ്ചയിച്ച് ലേല നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത മോട്ടോറുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ച് വരുന്ന സാഹചര്യം വ്യക്തമാക്കേണ്ടതുമാണ്.

# <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 മികച്ച മാതൃകകൾ

**I.** *<u>പടുതാക്കുളം നിർമ്മാണം-കുറഞ്ഞ ചെലവിൽ ജലസംഭരണം സാധ്യമായി.</u>*

നിർവ്വഹണോദ്യോഗസ്ഥൻ -കൃഷി ഓഫീസർ

പ്രോജക്ട് നം -118/17

ചെലവഴിച്ച തുക

പദ്ധതി വിഹിതം- 86104

ഗുണഭോക്തൃവിഹിതം -86104

2016-17 സാമ്പത്തികവർഷം കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയതാണ് പടുതാക്കുളം നിർമ്മാണം എന്ന പ്രോജക്ട്.

സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷന്റെ തീരുമാന പ്രകാരം പടുതാക്കുള നിർമ്മാണത്തിനു വേണ്ടി ഒരു ഘനഅടിക്ക് നിർമ്മാണചെലവായി 125 രൂപ യൂണിറ്റ് കോസ്റ്റ് കണക്കാക്കി ആയതിന്റെ 50% (62.5 രൂപയാണ്) സബ്സിഡി. വിവിധ വാർഡുകളിലെ 27 ഗുണഭോക്താക്കൾക്ക് പടുതക്കുളം നിർമ്മാണത്തിനായി പ്രോജക്ട് ചിലവിന്റെ 50% തുക സബ്സിഡി ഇനത്തിൽ (പരമാവധി 5,000 രൂപ) നൽകിയിട്ടുണ്ട്. കൃഷി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ഏതാനും ഗുണഭോക്താക്കളുടെ പുരയിടങ്ങളിൽ ഭൗതികപരിശോധന നടത്തിയതിൽ നിന്നും പഞ്ചായത്തിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പല വാർഡുകളിലും പടുതാക്കുളം നിർമ്മാണത്തിലൂടെ കുറഞ്ഞചെലവിൽ ജലസംഭരണം സാധ്യമായതിലൂടെ വളരെയധികം പ്രയോജനമുണ്ടായി എന്ന് വ്യക്തമായിട്ടുണ്ട്. കാർഷികാവശ്യത്തിന് ജലം ഉപയോഗിയ്ക്കുന്നതിന് പുറമെ മത്സ്യം വളർത്തുന്നതിനും പടുതാക്കുളം പ്രയോജനപ്പെടുത്തുന്നുണ്ട്. ആയതിനാൽ ടി പ്രോജക്ട് വിജയകരമായി നടപ്പിലാക്കിയതിലൂടെ കുറഞ്ഞ ചെലവിൽ ജലസംരക്ഷണം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ പഞ്ചായത്ത് വിജയിച്ചിട്ടുണ്ട് എന്ന പ്രോജക്ട് മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയാണെന്നും ഓഡിറ്റ് വിലയിരുത്തുന്നു.



II.*__സമ്പൂർണ്ണജൈവഗ്രാമം-വിഷരഹിത പച്ചക്കറി ഉൽപ്പാദനത്തിൽ വിജയം.__*

നിർവ്വഹണോദ്യോഗസ്ഥൻ -കൃഷി ഓഫീസർ

പ്രോജക്ട് നം -119/17

ചെലവഴിച്ച തുക

പദ്ധതി വിഹിതം- 522400

ഗുണഭോക്തൃവിഹിതം -127600

2016-17സാമ്പത്തികവർഷം നടപ്പിലാക്കിയ ടി പ്രോജക്ട് പ്രകാരം അംഗീകൃത ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് പച്ചക്കറി, ഫലവൃക്ഷത്തൈകൾ വാങ്ങി 300 ലേറെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾ വീട്ടുമുറ്റത്തും പറമ്പിലും മികച്ചരീതിയിൽ കൃഷി ചെയ്ത് വിഷരഹിതപച്ചക്കറികൾ ഉത്പാദിപ്പിയ്ക്കുകയും ആയവ സ്വന്തം ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിന്പുറമെ എലിക്കുളം പഞ്ചായത്തിലും മറ്റു പഞ്ചായത്തുകളിലെ കാർഷികമേളകളിൽ വിൽക്കുകയും ചെയ്യുന്നുണ്ട്. ഏതാനും ഗുണഭോക്താക്കളുടെ കൃഷിസ്ഥലം ഓഡിറ്റ് ടീം നേരിൽ സന്ദർശിച്ചതിൽ വിഷരഹിത പച്ചക്കറി ഉൽപ്പാദനത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ജനങ്ങളിൽ തികഞ്ഞ അവബോധമുണ്ടായിട്ടുണ്ട് എന്ന് വ്യക്തമായി. ഇത്തരം പ്രോജക്ടുകൾ ജനകീയ സഹകരണത്തിലൂടെ മാത്രമാണ് വിജയിക്കൂ എന്നത് കണ്ടറിഞ്ഞുള്ള പ്രവർത്തനങ്ങളാണ് അധികൃതർ നടത്തിയിട്ടുള്ളത്. സമ്പൂർണ്ണ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിച്ചിട്ടില്ലെങ്കിലും സമ്പൂർണ്ണജൈവഗ്രാമം എന്ന പ്രോജക്ട് ക്രമേണ ലക്ഷ്യത്തിലേയ്ക്ക് അടുക്കുകയാണ്. ഇത്തരം പ്രോജക്ടുകൾ കാര്യക്ഷമതയോടെ തുടരേണ്ടതുണ്ട്.



## 3-2 ശബരിമല തീർത്ഥാടനം സ്പെഷ്യൽ ഗ്രാന്റ് - നാളിതുവരെ വിനിയോഗിയ്ക്കാത്തത് സംബന്ധിച്ച്

ശബരിമല മണ്ഡല -മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കേണ്ട ശുചീകരണപ്രവർത്തനങ്ങൾ, വഴിവിളക്കുകൾ, നദിക്കടവിലെ മുന്നറിയിപ്പുകൾ, തുടങ്ങിയവയ്ക്കും തീർത്ഥാടനമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുമായി 2014-15, 2015-16, 2016-17 വ്രഷങ്ങളിൽ അഞ്ച് ലക്ഷം രൂപ വീതം ആകെ പതിനഞ്ച് ലക്ഷം രൂപ പഞ്ചായത്തിന് ലഭ്യമാക്കിയിരുന്നു. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിയ്ക്കുന്ന ഇളംകുളം സർവ്വീസ് സഹകരണബാങ്കിലും ട്രഷറി അക്കൗണ്ടിലുമായി സൂക്ഷിച്ചിരിയ്ക്കുകയാണ്. സർക്കാർ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കായി ലഭ്യമാക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി അതാത് പദ്ധതികൾക്കായി ചെലവഴിയ്ക്കാതെ നിഷ്ക്രിയമായി സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(5/30.05.17). ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ഫണ്ട് വകയിരുത്തി വിവിധ പ്രവൃത്തികൾ ആവിഷ്കരിച്ചിട്ടുള്ളതായും എല്ലാം തന്നെ നടപ്പ് സാമ്പത്തികവർഷം പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ശബരിമല സ്പെഷ്യൽ ഗ്രാന്റായി അനുവദിച്ച തുക തീർത്ഥാടകർക്ക് പ്രയോജനപ്പെടുന്ന വിധം വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 3-3 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ-നിക്ഷേപിച്ച തുകയ്ക്കുള്ള മരുന്ന് പൂർണ്ണമായി ലഭിച്ചില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം (s.0012/17 അടങ്കൽ-1,00,000/-) ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങലിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 1,00,000/-രൂപ മുൻകൂറായി നൽകിയിരുന്നു.(DD No.584133/12.01.17). എന്നാൽ ഡെലിവറി ഇൻവോയ്സ് പ്രകാരം വിതരണം ചെയ്തിട്ടുള്ള മരുന്നുകളുടെ വില, ട്രാൻസ്പോർട്ടേഷൻ ചാർജ്, മറ്റ് ചാർജുകൾ ഉൾപ്പടെ 95,950/-രൂപ മാത്രമാണ് ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. വിതരണ ഏജൻസിയുടെ അക്കൗണ്ടിൽ അധികമായി നിൽക്കുന്ന തുകയായ 4,050/- രൂപയ്ക്കുള്ള മരുന്ന് എത്രയും വേഗം ലഭ്യമാക്കി സ്റ്റോക്കിൽ ചേർക്കേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് എൻക്വയറി നൽകിയതിൽ കുറവുള്ള തുകയുടെ മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-4 ഗ്രാമ പഞ്ചായത്തിലെ ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിലെ ലൈബ്രറിയുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ നടത്തിയതിലും ലൈബ്രേറിയനുമായി ആശയവിനിമയം നടത്തിയതിലും കഴിഞ്ഞ 20 വർഷമായി ലൈബ്രറിയിലേയ്ക്ക് പുതിയ പുസ്തകങ്ങൾ ഒന്നും തന്നെ വാങ്ങിയിട്ടില്ലയെന്ന് മനസ്സിലാക്കാൻ സാധിച്ചു. ഒരു സ്ഥിരം ലൈബ്രേറിയനെ നിയമിച്ച് പഞ്ചായത്ത് ഫണ്ടിൽ നിന്നും ശമ്പളമിനത്തിൽ താരതമ്യേന കൂടിയ തുക ചെലവഴിക്കുകയും അതേ സമയം ലൈബ്രറി പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ആശാസ്യമല്ല. ടി വിഷയം ഓഡിറ്റ് സമാപന യോഗത്തിൽ ഉന്നയിച്ചതിൽ ലൈബ്രറി കൗൺസിലിന്റെ ഗ്രാന്റ് ലഭിക്കുന്നതും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതുമായ ഒന്നിലേറെ ലൈബ്രറികൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നതായും ഗ്രാമ പഞ്ചായത്ത് ലൈബ്രറി ഉപയോഗപ്പെടുത്തുന്ന വായനക്കാർ കുറവാണെന്നും വിശദീകരിക്കപ്പെട്ടു. ലൈബ്രറിയുടെ പ്രവർത്തനം നവീകരിച്ച് മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 സാമൂഹ്യസുരക്ഷാപെൻഷനുകൾ- അപേക്ഷകൾ തീർപ്പുകൽപ്പിയ്ക്കുന്നതിലെ കാലതാമസം

2016-17 സാമ്പത്തിക വർഷം ലഭിച്ച സാമൂഹ്യസുരക്ഷാപെൻഷൻ അപേക്ഷകൾ തീർപ്പ് കൽപ്പിയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു

| സാമൂഹ്യസുരക്ഷാപെൻഷൻ -ഇനം | ലഭിച്ച അപേക്ഷകൾ | അനുവദിച്ചവ | തീർപ്പുകൽപ്പിയ്ക്കാത്തവ |
|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 616 | 351 | 186 |
| വിധവാപെൻഷൻ | 48 | 36 | 12 |
| കർഷകതൊഴിലാളിപെൻഷൻ | 13 | 9 | 3 |
| വികലാംഗപെൻഷൻ | 26 | 19 | 7 |

തീർപ്പ് കൽപ്പിയ്ക്കാത്ത അപേക്ഷകളിൻമേൽ അടിയന്തിരമായി തീർപ്പുകൽപ്പിയ്ക്കാൻ നടപടി സ്വീകരിയേക്കണ്ടതാണ്.

## 3-6 മുൻകൂർ നൽകിയത് നാളിതു വരെ ക്രമീകരിച്ചിട്ടില്ല

2016-17 വാർഷികകണക്കിലെ B-18 പട്ടിക പ്രകാരം തിരികെ ലഭിക്കാനുള്ള ഫെസ്റ്റിവൽ അഡ്വാൻസ് 9,000 രൂപ ബന്ധപ്പെട്ടവരിൽ നിന്നും പലിശ സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തനതുഫണ്ടിൽ നിന്നും പ്രേരകുമാർക്ക് ഓണറേറിയം ഇനത്തിൽ നൽകിയ 88,727 രൂപ സാക്ഷരതാഫണ്ടിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിയേക്കണ്ടതുമാണ്.

## 3-7 പകൽവീടുകൾക്ക് ഫർണിച്ചർ- പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

പ്രോജക്ട് നം -143/17

ചെലവ് - പദ്ധതി വിഹിതം-35,717

ഗുണഭോക്തൃവിഹിതം-1,62,793
ആകെ – 1,98,510 രൂപ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ മേൽ സൂചിത പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ മൂന്ന് വാർഡുകളിലായി പ്രവർത്തിയ്ക്കുന്ന പകൽവീടുകൾക്ക് 1,98,510 രൂപ ചെലവഴിച്ച് ചുവടെചേർക്കും പ്രകാരമുള്ള

ഫർണിച്ചർ കണ്ടത്തിൻചിറയിൽ ട്രേഡ് ലിങ്ക്സ്, തലയാഴം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നു.

| | |
|---|---|
| റ്റേബിൾ | 6 |
| അലമാര | 3 |
| ചെയർ (പ്ലാസ്റ്റിക്) | 60 |
| കോട്ട് | 3 |
| ടി.വി (എൽ.ഇ.ഡി) | 3 |

എന്നാൽ പതിനഞ്ചാം വാർഡിലെ പകൽവീടിൽ നടത്തിയ ഭൗതികപരിശോധനയിൽ നിന്നും വ്യക്തമായത് പ്രസ്തുത കെട്ടിടം അംഗൻവാടിയുടെ ഒരു ഭാഗം മാത്രമാണെന്നും ടികെട്ടിടത്തിൽ അംഗൻവാടി ഉപകരണങ്ങൾ കൂടി സൂക്ഷിയ്ക്കുന്നുണ്ട് എന്നുമായിരുന്നു. പകൽവീടിനായി വാങ്ങിയ ഫർണിച്ചർ കെട്ടിടത്തിന്റെ ഒരു ഭാഗത്ത് കൂട്ടിയിട്ടിരിയ്ക്കുന്നു. ടി.വി (എൽ.ഇ.ഡി) നാളിതുവരെ പ്രവർത്തിപ്പിയ്ക്കാൻ തുടങ്ങിയിട്ടില്ല. ആറാം വാർഡിലെ പകൽവീടിന്റെയും അവസ്ഥ ഇതു തന്നെയാണ്. ഒന്നാം വാർഡിലെ പകൽവീട് ഉദ്ഘാടനം 30.05.17-ൽ ആയിരുന്നു. പ്രസ്തുതകെട്ടിടത്തിലേയ്ക്കും കൂടിയായിരുന്നു ഫർണിച്ചറുകൾ വാങ്ങിയത്. വൃദ്ധർക്ക് പകൽവീടുകൾ എന്ന ആശയം ശരിയായവിധം പ്രാവർത്തികമായിട്ടില്ല. കെട്ടിടം നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടും പകൽവീട് എന്ന ആശയം പ്രാവർത്തികമാകാത്ത സ്ഥിതി പരിഹാര നടപടികൾക്കായി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-8 സ്ഥലം വാങ്ങലിനായി ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ സമ്പൂർണ്ണ പുനരധിവാസം ഉറപ്പ് വരുത്തിയിട്ടില്ല

ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ സമ്പൂർണ്ണ പുനരധിവാസം ലക്ഷ്യമിട്ട് ആദ്യഘട്ടമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പദ്ധതി ധനസഹായം വിനിയോഗിച്ചോ സ്വന്തം നിലയിലോ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പഞ്ചായത്ത് തലത്തിൽ ഉറപ്പ് വരുത്തിയിട്ടില്ല. തൻവർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ s.0058/17 നമ്പർ പ്രോജക്ട് പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് 3 സെന്റ് വീതം സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവ് | സ്ഥലം വിറ്റ വ്യക്തി | തുക | ബിൽ നം./ തീയതി |
|---|---|---|---|---|
| 1 | അമ്മിണി അറയ്ക്കൽ, എലിക്കുളം | ജോബി ജേക്കബ്, പുളിയാങ്കൽ, എലിക്കുളം പി.ഒ. | 1,50,000/- | നമ്പർ വ്യക്തമല്ല തീ:28.3.17 |
| 2 | അനീഷമോൾ ബി. തകിടിയിൽ വഞ്ചിമല പി.ഒ. | “ | 1,50,000/- | “ |
| 3 | അനീഷ് കെ.റ്റി. തറേപ്പറമ്പിൽ നരിയനാനി പി.ഒ. | “ | 1,50,000/- | “ |
| 4 | ബീന രാജു അമ്പലപ്പറമ്പിൽ വഞ്ചിമല പി.ഒ. | “ | 1,50,000/- | “ |
| 5 | ഉഷാമ്മ കെ.ജി. കൈതയ്ക്കൽ താഴെ പനമറ്റം പി.ഒ. | സുഭദ്രാമ്മ ഇ.കെ. ഇടമനത്താഴെ, പനമറ്റം | 1,50,000/- | “ |

മുൻവർഷങ്ങളിൽ വസ്തു വാങ്ങുന്നതിന് സഹായം ലഭിച്ചവരും മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളും തുടർവർഷങ്ങളിൽ ഭവനനിർമ്മാണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്. തുടർന്നുള്ള വർഷം വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-9 കെട്ടിട നിർമ്മാണ പ്രോജക്ടുകൾ -നിർമ്മിതി കേന്ദ്രത്തിന് നിർമ്മാണച്ചുമതല നൽകിയത്-തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച

താഴെപ്പറയുന്ന കെട്ടിടനിർമ്മാണ പ്രവൃത്തികളുടെ നിർമ്മാണച്ചുമതല ജില്ലാ നിർമ്മിതി കേന്ദ്രം എന്ന അക്രഡിറ്റഡ് ഏജൻസിക്ക് നൽകുകയും കരാറിന്റെ അടിസ്ഥാനത്തിൽ മുൻകൂർ നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | മുൻകൂർ നൽകിയത് | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 01 | s.0189/17 | പഞ്ചായത്ത് ഓഫീസ് കെട്ടിടം | 3000000-(തനത് ഫണ്ട്-2323904<br>ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-676096) | 600000/- | 29.03.17ലെ അനുവാദ ഉത്തരവ് പ്രകാരവും<br>27.3.17 ൽ ഏർപ്പെട്ട 70/16.17 ഉത്തരവ് പ്രകാരവും അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ തുക |
| 02 | s.0133/17 | IHDP കോളനിയിൽ പകൽ വീട് നിർമ്മാണം -ഒന്നാം ഘട്ട പ്രവൃത്തികൾ | 896715/-<br>(279740+280400+336575) | 140000/- | പഞ്ചായത്ത് കമ്മറ്റിയുടെ 20.3.17 ലെ 1(6) -ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിതി കേന്ദ്രം മെമ്പർ സെക്രട്ടറിയുമായി ഏർപ്പെട്ട 27.3.17 ലെ 72/16-17 കരാർ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ തുക. |

മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1-പഞ്ചായത്തിൽ സാങ്കേതിക വിഭാഗം പ്രവർത്തിച്ചു വരവെ ബന്ധപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ ഉൾപ്പടെയുള്ള ചുമതലകൾ അക്രഡിറ്റഡ് ഏജൻസിയെ ചുമതലപ്പെടുത്തിയ സാഹചര്യം വ്യക്തമല്ല.

2-തുക കൈമാറി മാസങ്ങൾക്ക് ശേഷവും പ്രവൃത്തി നടത്തേണ്ട സൈറ്റ് പോലും ഏജൻസിക്ക് കൈമാറിയിട്ടില്ല.

3-പ്രവൃത്തിക്ക് വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ ഇലക്ട്രിഫിക്കേഷൻ/സാനിറ്ററി അറേഞ്ച്മെന്റ് ഉൾപ്പടെയുള്ള എല്ലാ ഇനങ്ങൾക്കും വിഹിതം വകയിരുത്തിയതായി കാണുന്നില്ല. മാത്രമല്ല കോൺക്രീറ്റ് കട്ടിളകൾ/ജനലുകൾ മുതലായവയക്കുള്ള പ്രൊവിഷനാണ് നൽകിയിട്ടുള്ളത്. കെട്ടിട നിർമ്മാണത്തിൽ ആവശ്യമായ ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതാണ്.

4-പ്രവൃത്തിയുടെ നിർവ്വഹണച്ചുമതല അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കാൻ കമ്മറ്റി തീരുമാനമുള്ളതായി പറയുന്നുണ്ടെങ്കിലും ഇക്കാര്യം ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിച്ചപ്പോൾ മാത്രമാണ് ശ്രദ്ധയിൽപ്പെട്ടതെന്ന് പല അംഗങ്ങളും ആക്ഷേപം ഉന്നയിച്ചു.

മേൽ അപാകതകളുടെ വെളിച്ചത്തിൽ മുൻകൂറായി നിക്ഷേപിച്ചതും ഏജൻസിയുടെ അക്കൗണ്ടിൽ മുടങ്ങിക്കിടക്കുന്നതുമായ 7,40,000/-രൂപ (6,00,000+1,40,000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ആശ്രയ പുനരധിവാസ പദ്ധതി -ബാങ്കിൽ പദ്ധതിതുക നിഷ്ക്രിയമായി അവശേഷിയ്ക്കുന്നത്

സമൂഹത്തിലെ നിർദ്ധനരും നിരാലംബരുമായ അഗതികളെ കണ്ടെത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി 2004-05 സാമ്പത്തിക വർഷത്തിൽ ആശ്രയ പദ്ധതിയുടെ ആദ്യഘട്ടം പഞ്ചായത്ത് ആവിഷ്കരിച്ചിരുന്നു. 2009-11 കാലയളവിൽ 22 കുടുംബങ്ങളെ ഉൾപ്പെടുത്തി പദ്ധതി ഏറ്റെടുത്ത് അംഗീകാരം നേടുകയുണ്ടായി. വിവിധങ്ങളായ തുടർ സേവനങ്ങൾക്കായി കുടുംബശ്രീ ചലഞ്ച് ഫണ്ടായി 5,51,000/- രൂപയും പഞ്ചായത്ത് വിഹിതമായി 13,57,500/- രൂപയും ഉൾപ്പെടെ 19,08,800/- രൂപയാണ് ലഭ്യമായത്. ആയതിൽ നാളിതുവരെ 704052/- രൂപ മാത്രമാണ് ചെലവഴിച്ചത്. 2016-17 സാമ്പത്തിക വർഷവും 1,00,000/- രൂപ വി.ഇ.ഒ. പ്രോജക്ട് പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ 08/2014 ന് ശേഷം യാതൊരുവിധ തുടർ സേവനങ്ങളും ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടില്ല. മതിയായ തുക ലഭ്യമാണെന്നിരിക്കെ പദ്ധതി വിജയലക്ഷ്യം കൈവരിക്കാത്തതിന് കാരണം പദ്ധതി നടത്തിപ്പിലെ വീഴ്ചയും മോണിട്ടറിംഗ് സമിതിയുടെ നിരീക്ഷണത്തിന്റെ കാര്യക്ഷമതയില്ലായ്മയുമാണ്.

## 3-11 എം.ജി.എൻ.ആർ.ഇ.ജി.എസ്

2016-17 സാമ്പത്തികവർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ 115 പദ്ധതികൾ വിഭാവനം ചെയ്തതിൽ 100 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിയ്ക്കുകയും 80 പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ 30301 തൊഴിൽദിനങ്ങൾ സൃഷ്ടിയ്ക്കപ്പെടുകയും 586 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിയ്ക്കുകയും ചെയ്തു. പ്രകൃതി വിഭവ

സംരക്ഷണത്തിന് മുൻഗണന നൽകിക്കൊണ്ട് മഴക്കുഴി നിർമ്മാണവും പടുതാക്കുളം നിർമ്മാണവുമാണ് തൻവർഷം നടപ്പിലാക്കിയത്. പദ്ധതി പ്രകാരമുള്ള ആകെ വരവു ചെലവു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ് | 1,25,18,984 |
| പലിശ വരവ് | 704 |
| ആകെ | 1,25,19,688 |
| ചെലവ് | 1,25,19,241 |
| നീക്കിയിരിപ്പ് | 447 |

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 15.03.17 | 62,500 | ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 62,500 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 03.03.17 | 1,00,000 | കുരുവിക്കൂട് താഷ്ക്കന്റ് റോഡ് സൈഡ് കോൺക്രീറ്റിംഗ് | 1,00,000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 01.02.17 | 3,36,575 | ഐഎച്ച്ഡിപി കോളനിയിൽ പകൽവീട് നിർമ്മാണം | 1,40,000 | 1,96,575 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ചെക്ക് നം./ തീയതി | തുക | ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|---|---|
| 1 | നിർമ്മിതി കേന്ദ്രം | ഐഎച്ച്ഡിപി കോളനിയിൽ പകൽവീട് നിർമ്മാണം | 05888343/27.3.17 | 1,40,000 | ഇല്ല | 1,40,000 |
| 2 | നിർമ്മിതി കേന്ദ്രം | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം | 21609014/27.3.17 | 6,00,000 | ഇല്ല | 60,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചിട്ടില്ല. വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്- ഉദ്ദേശം | ഉത്തരവ് നം തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | ബാക്കിയുണ്ടായിരുന്ന തുക | | |
| ഇ.എം.എസ് ഭവനവായ്പ | 10301/2010 lsgd 13.04.10 | 1,05,00,000 | 33,00,000 | 2,50,000 | 30,50,000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1,00,000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 0 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിററ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 45135 /- രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2015-16 | 3.2 | 4,000 | തങ്കപ്പൻ നായർ, ജലധാര ചാരിറ്റബിൾ സൊസൈറ്റി | 11602102559/01.12.16 |
| 2015-16 | 3.1 | 8,820 | സിബി ജോസ് കെ., അസിസ്റ്റന്റ് സെക്രട്ടറി, എലിക്കുളം ഗ്രാമപഞ്ചായത്ത് | 11602103298/02.02.17 |
| 2015-16 | 2.9 | 500 | ജേക്കബ് തോമസ്, ഇറോസ് മെറ്റൽസ് | 11602105272/31.03.17 |
| 2015-16 | 2.9 | 200 | അമ്മിണി അമ്മാൾ | 11602105263/31.03.17 |
| 2015-16 | 3.3 | 28,615 | കെ.എൻ. രാധാമണി, അസിസ്റ്റന്റ് എഞ്ചിനീയർ | 11602103143/18.01.17 |
| 2015-16 | 2.8 | 3,000 | മാനേജർ, ഹൈറേഞ്ച് ഫുഡ്സ് | 11602104512/ 17.03.17 |
| ആകെ | | **45,135** | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,94,88,685 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,56,90,880 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,40,000 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 7,40,000 | ശ്രീ.മഹേഷ് പി.മോഹൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01, 2001-02 ജനകീയാസൂത്രണം | എൽ.എഫ്.കെ.പി12/1533/13(14)/ അദാ/31.05.14 | 10 |
| 2002-03(ഡി.സി.ബി) | എൽ.എഫ്.കെ.പി3/401/11/3.08.11 | 8 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി3/402/11/3.08.11 | 3 |
| 2005-06 | എൽ.എഫ്.കെ.പി.12/721/15/9.09.15 | 11 |
| 2006-07 | എൽ.എഫ്.കെ.പി.12/722/15/9.09.15 | 4 |
| 99-00ചെലവ് | എൽ.എഫ്.കെ.പി.6/55/03/16.6.03/10.10.03 | 27 |
| 2009-10 | എൽ.എഫ്.കെ.പി 12/725/15/9.09.15 | 5 |
| 2010-11 ,11-12 | എൽ.എഫ്.കെ.പി.12/726/15/09.9.15 | 7 |
| 2012-13 | എൽ.എഫ്.കെ.പി. 12/20/15/6.08.15 | 7 |
| 2013-14&2014-15 | കെ.എസ്.എ-കെ.ടി.എം.പി.12-304/2016/2.04.2016/11.04.16 | 45 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.12/1682/2016/5.11.16 | 16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

<u>അനുബന്ധം 1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

**കെ.എസ്.എ-കെ.ടി.എം.പി13/814/2017** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**ഫോൺ : 0482564886**

**ഇ മെയിൽ : doktm.ksad@kerala.gov.in**

**തീയതി:06.06.17**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17**ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ വിവരിക്കുന്ന അപാകതകൾ ഒഴികെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് **എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17** വർഷത്തെ വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന അഭിപ്രായം രേഖപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാഓഡിറ്റ് കാര്യാലയം, കോട്ടയം**